LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലെ ആശ്രിത നിയമനം

32 [350] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ കെ.സ്.ഇ. ബോർഡിലുള്ളതെന്ന് വ്യക്തമാക്കാമോ; ഏതു വർഷം മുതലുള്ള അപേക്ഷകൾ ഇതിൽ ഉൾപ്പെടുന്നു;

(ബി) ആശ്രിതനിയമനം നൽകുന്നതിനായി ബോർഡ് ഉത്തരവ് നൽകിയിട്ടും ഇതുവരെ നിയമനം ലഭിക്കാത്ത എത്രപേരുണ്ട്; ഇവരുടെ പട്ടിക ലഭ്യമാക്കുമോ; ഏതൊക്കെ തസ്തികകളിലാണ് നിയമനം ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) നിയമനം വൈകുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് നിയമനം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 മുതലുള്ള 197 അപേക്ഷകളാണ് ബോർഡിൽ ലഭിച്ചിട്ടുള്ളത്.

(ബി) ബോർഡ് ഉത്തരവ് നൽകിയ 141 പേർക്ക് നിയമനം നൽകാനുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) ഒഴിവുകളുടെ അഭാവം മൂലമാണ് നിയമനം നൽകാൻ വൈകുന്നത്.

(ഡി) ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകാവുന്നതാണ്.

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

33 [351] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് സൗജന്യ നിരക്കിലുള്ള വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വിവിധ ആഫീസുകളിലായി കെട്ടിക്കിടക്കുന്നത് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകർക്ക് എന്നത്തേക്ക് പുതിയ കണക്ഷൻ നൽകാൻ കഴിയും?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.